# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.578** **05.06.2018-ൽ മറുപടിയ്ക്ക്**

## കേരള സംസ്ഥാന ലോട്ടറിയുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് : | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരള സംസ്ഥാന ലോട്ടറിയെ സംരക്ഷിക്കുന്നതിനും അന്യ സംസ്ഥാന ലോട്ടറി നമ്മുടെ സംസ്ഥാനത്തേക്ക് കടന്നുവരാതിരിക്കുവാനും വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കേരള സംസ്ഥാന ലോട്ടറിയെ സംരക്ഷിക്കുന്നതിനായി;<br>(a) ചെറിയ സമ്മാനങ്ങളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിച്ച് ടിക്കറ്റുകളുടെ സമ്മാനഘടന,കാലോചിതമായി പരിഷ്കരിച്ചു.<br>(b) വ്യാജ ടിക്കറ്റുകളുടെ വ്യാപനം തടയുന്നതിലേക്കായി ലോട്ടറി ടിക്കറ്റുകളിൽ നവീന രീതിയിലുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി.<br>(c) അനധികൃത ലോട്ടറി നടത്തിപ്പിന് തടയിടുന്നതിലേക്കായി റൂളിലേയും, ആക്ടിലേയും വ്യവസ്ഥകൾ ചുമത്തി അനധികൃത ലോട്ടറി നടത്തിപ്പുകാർക്കെതിരെ കേസെടുക്കുവാൻ പോലീസിനു നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>(d) എഴുത്ത് ലോട്ടറി നടത്തിപ്പ് ഉന്മൂലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന /ജില്ലാ തല മോണിറ്ററിംഗ് സെല്ലുകൾ, സോണൽ തലത്തിൽ പുന:സംഘടിപ്പിച്ചു.<br>അന്യസംസ്ഥാന ലോട്ടറി നടത്തിപ്പ് നിയന്ത്രിക്കുന്നതിനായി<br>(a) അനധികൃതമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറി നടത്തിപ്പ് തടയുന്നതിനായി എൻഫോഴ്സ്മെന്റ് അതോറിറ്റി രൂപീകരിച്ച് കേരള പേപ്പർ ലോട്ടറി റെഗുലേഷൻ റൂൾസ് ഭേദഗതി ചെയ്തു.<br>(b) അന്യസംസ്ഥാന ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്ന ലോട്ടറി സ്കീമിനും സ്പെഷ്യൽ ചാർജ്ജിനത്തിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>(c) ലോട്ടറി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യമിട്ട് കേരള പേപ്പർ ലോട്ടറി റെഗുലേഷൻ റൂൾസ് (2005) ഭേദഗതി അന്തിമഘട്ടത്തിലാണ് |
| (ബി) | മിസോറാം ലോട്ടറി കേസിൽ കേരളത്തിന് അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിന് അധികാരമില്ലായെന്ന് വിധിയുണ്ടാ | (ബി) | ഇല്ല, ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും ഉണ്ടായിട്ടുള്ള വിധി സംസ്ഥാന ലോട്ടറിയെ യാതൊരു വിധത്തിലും ബാധിക്കുന്നതല്ല |

| | | | |
|---|---|---|---|
| | യിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധി കേരള സംസ്ഥാന ലോട്ടറിയെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | | |
| (സി) | അന്യസംസ്ഥാന ലോട്ടറികൾക്ക് 28 ശതമാനം ജി.എസ്.ടി ഏർപ്പെടുത്തിയത് അന്യ സംസ്ഥാന ലോട്ടറികളുടെ കടന്നു വരവിനെ നിയന്ത്രിക്കുന്നതിന് സഹായകമായിട്ടുണ്ടോ; ഈ നിയന്ത്രണം മറികടക്കുവാൻ അന്യ സംസ്ഥാന ലോട്ടറി മാഫിയ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | Organising State ൽ മാത്രം വിൽക്കുന്ന ഭാഗ്യക്കുറികൾക്ക് 12% ഉം മറ്റു സംസ്ഥാനത്ത്/സംസ്ഥാനങ്ങളിൽ കൂടി വിൽക്കുന്ന ഭാഗ്യക്കുറികൾക്ക് 28% ഉം ആണ് ജി.എസ്.ടി നിരക്ക്. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. ഇത് ചോദ്യം ചെയ്തു കൊണ്ട് സിക്കിം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ് |

**സെക്ഷൻ ഓഫീസർ**